(ബി) കേരളത്തിലേയ്ക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായാണ് മേൽപ്പറഞ്ഞ പദ്ധതികൾ ആവിഷ്കരിക്കുന്നത്.

(സി) മേൽപ്പറഞ്ഞ എല്ലാ പദ്ധതികൾക്കും ഭരണ അംഗീകാരം ഉണ്ട്.

ജില്ലാ ടൂറിസം കൗൺസിലിന്റെ പ്രവർത്തനം

358 (1048) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലാ ടൂറിസം കൗൺസിൽ കോഴിക്കോട് ജില്ലയിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കി വരുന്നത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതൊക്കെ പൂർത്തീകരിച്ചുവെന്നും പൂർത്തീകരിക്കാനുള്ളവ ഏതെന്നും വിശദമാക്കുമോ ?

ഉത്തരം

(എ&ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

ടൂറിസം മേഖലയുടെ സമഗ്ര വികസനം

359 (1049) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൂറിസം മേഖലയുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്നും അതിനായി ഓരോ ബഡ്ജറ്റിലും ഉൾക്കൊള്ളിച്ച തുക എത്രയാണെന്നും, വർഷംപ്രതി ചെലവഴിക്കപ്പെട്ട തുക എത്രയാണെന്നും ഇനം തിരിച്ച് വിശദമാക്കുമോ?

ഉത്തരം

ടൂറിസം മേഖലയുടെ സമഗ്ര വികസനത്തിനായി കേരള സർക്കാർ ടൂറിസ്റ്റുകൾക്ക് വേണ്ടിയുള്ള പശ്ചാത്തല വികസനം, ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനു വേണ്ടിയുള്ള മാർക്കറ്റിംഗ് തന്ത്രങ്ങൾ എന്നിവ ആവിഷ്കരിച്ചുവരുന്നു. ടൂറിസം മേഖലയുടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയും അവ പരിശോധിച്ച് കാലാകാലങ്ങളിൽ വേണ്ടമാറ്റം ടൂറിസം പദ്ധതികളിൽ വരുത്തുകയും ചെയ്യുന്നു. ഈ സർക്കാരിന്റെ കാലയളവിലുള്ള പദ്ധതി വിഹിതത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

Last 5 Years State Budget Provision				
Sl.No	Financial Year	State Budget Provision (Lakhs)	Expenditure (Lakhs)	%
1	2010-11	9,000	8008.72	88.99
2	2011-12	10,050	11309.28	112.53
3	2012-13	17,191	16580.96	96.45
4	2013-14	19,124	19313.94	100.99
5	2014-15	21,085	19217.03	91.14

ബിയ്യം ബ്രിഡ്ജ് ടൂറിസം പദ്ധതി

360 (1050) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനിയിൽ നിർമ്മാണം തുടങ്ങിയ ബിയ്യം ബ്രിഡ്ജ് ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പണി പൂർത്തീകരിച്ച് ബ്രിഡ്ജ് എന്ന് ഉദ്ഘാടനം ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 70% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് പദ്ധതി നിർവ്വഹണ ഏജൻസിയായ മലപ്പുറം ഡി.റ്റി.പി.സി. അറിയിച്ചിട്ടുണ്ട്.

(ബി) 2016 ഫെബ്രുവരി അവസാനത്തോടെ പദ്ധതി ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഏറനാട് മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

361 (1051) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ ടൂറിസം പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly